കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പേരാവൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2017-18


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@keala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.11/255/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,കണ്ണൂർ
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 27.03.2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

പേരാവൂർ ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- പേരാവൂർ ഗ്രാമപഞ്ചായത്ത് - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ മെയിൽ)

3) കാര്യാലയ പ്രതി

നം കെ.എസ്.എ./കെ.എൻ.ആർ./സി.11/255/2019 തീയതി : 27.03.2019

## കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-2018

# സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-06-2017 മുതൽ 19-02-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 16 അന്വേഷണക്കുറിപ്പുകളിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ശശികുമാർ എം പി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2019 മുതൽ 02.03.2019 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ബാബുരാജ് എം | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീമതി.ബിസ്മി എസ് നായർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി ജിജി ജോയ് | 01/04/2017 മുതൽ 31/03/2018 വരെ |
| സെക്രട്ടറി | ശ്രീ. കെ.കെ.സത്യൻ | 1/4/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ (1-4-2017 മുതൽ 31-3-2018 വരെ)

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | കെ.കെ.സത്യൻ | 01/04/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | പി.സുഭാഷ് | 01/04/2017മുതൽ 17/0/2017 വരെ |
| | ശാരിക ജി.എസ് | 18/06/17 മുതൽ 26/07/2017 വരെ |
| | ബേബി റീന | 27/07/17 മുതൽ 29/10/2017 വരെ |
| | ഡോണ സ്കറിയ | 30/10/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ | നിസമോൾ.കെ.എ | 01/04/2017മുതൽ 31/03/2018 വരെ |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ. ബി.ജി .മഞ്ചപ്പ | 01/04/2017മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. സന്തോഷ് കുമാർ | 01/04/2017മുതൽ 16/08/2017 വരെ |
| | ഡോ.ഷാഹിന | 17/08/2017മുതൽ 19/12/2018 വരെ |
| | ഡോ. ചിത്ര.ടി | 20/02/18 മുതൽ 31/03/18 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനൂപ് ബാലഗോപാലൻ | 1/4/17 മുതൽ 31/03/18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മനോജ് | 1/4/17 മുതൽ 3/7/17 വരെ |
| | ഡോ.ഗീത.ടി | 4/7/17 മുതൽ 31/3/18 വരെ |
| അസി.സെക്രട്ടറി | ടി.ഡി.തോമസ് | 01/04/2017മുതൽ 18/01/2018 വരെ |
| | ടി.പി.ശശീന്ദ്രൻ | 19/01/2018മുതൽ 31/03/2018 വരെ |
| അസി. എഞ്ചിനിയർ | ഇബ്നു മഷൂദ് | 01/04/2017മുതൽ 19/10/2017 വരെ |
| | ജോമോൻ പൌലോസ് | 20/10/17 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശോഭന.എ.വി | 01/04/2017മുതൽ 31/03/2018 വരെ |
| ഹെഡ് മാസ്റ്റർ | വി.ആർ.വിജയൻ | 01/04/2017മുതൽ 31/10/2017വരെ |
| | എം.ശ്രീകുമാർ | 01/11/2017മുതൽ 31/03/2018വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം1 പൊതു അവലോകനം | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | രസീത് അപാകങ്ങൾ | 2-1 |
| 14 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 |
| 15 | ഡിആന്റ് ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 16 | വസ്തുനികുതി അപാകങ്ങൾ | 2-4 |
| ഭാഗം **3**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണം | | |

| | | |
|---|---|---|
| 17 | ലൈഫ് ഭവന പദ്ധതി – ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിന് അനുവദിച്ച 60000 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 18 | കാരുണ്യം – പാലിയേറ്റീവ് ഹോം കെയർ പദ്ധതി –ചെലവ് വിവരം ലഭ്യമല്ല – 270984 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 19 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 |
| 20 | കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 21 | തുടി കൊട്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതി-അപാകങ്ങൾ | 3-5 |
| 22 | ഡിപ്പാർട്ട്മെന്റൽ ആയി സപ്ളൈ ചെയ്ത ബിറ്റുമിന് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് സംബന്ധിച്ച് | 3-6 |
| 23 | ടാറിന് അധിക കടത്തു കൂലി അനുവദിച്ചതു സംബന്ധിച്ച് | 3-7 |
| 24 | തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച് | 3-8 |
| 25 | സംസ്ഥാന ലൈഫ് ഇൻഷൂറൻസ് -പ്രീമിയം തുക നിശ്ചിത നിരക്കിൽ ഈടാക്കാത്തത് സംബന്ധിച്ച്. | 3-9 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 22 | സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം | 4-1 |
| 23 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 25 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 26 | സ്ഥിര നിക്ഷേപം | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 29 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | ഓഡിറ്റ് ഇംപാക്ട് | 4-10 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധങ്ങൾ | | |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 34 | റസീറ്റ് & പെയ്മെമെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 35 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25/03/2017 തിയതിയിലെ 160/17 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13/03/2018 തിയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു

| | ബജറ്റ് | പുതുക്കിയ ബഡ്ജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2572955 | 7348150 |
| വരവ് | 142189955 | 134271958 |
| ആകെ | 144762910 | 141620108 |
| ചെലവ് | 142813955 | 136081580 |
| നീക്കിയിരിപ്പ് | 1948955 | 5538528 |

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2018 | 31.05.2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28.06.2018 മുതൽ 29.06.2018 വരെ | കെ.എസ്.എ-കെ.എൻ.ആർ/സി.11 /1342/2018 തീയതി - 16.07.2018 |

## 1-4 സാമ്പത്തിക വിശകലനം(രസീപ്റ്റ് &പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7348149.82 |
| വരവ് | 54512658 |
| ആകെ | 61860807.82 |
| ചെലവ് | 55366329 |
| നീക്കിയിരിപ്പ് | 6494478.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – | | 113535000 | 113535000 | 113243813 | 291187 |

| | | | | | |
|---|---|---|---|---|---|
| ജനറൽ (എ.സി.ആർ പ്രകാരം) | | | | | |
| വികസനഫണ്ട് – എസ്.സി.പി (എ.സി.ആർ പ്രകാരം) | | 724558 | 724558 | 408925 | 315633 |
| വികസനഫണ്ട് –ടി.എസ്.പി (എ.സി.ആർ പ്രകാരം) | | 2712898 | 2712898 | 1895710 | 817188 |
| മെയിൻറനൻസ്, റോഡ് (എ.സി.ആർ പ്രകാരം) | | 8843000 | 8843000 | 8765947 | 77053 |
| മെയിൻറനൻസ്, നോൺ - റോഡ് (എ.സി.ആർ പ്രകാരം) | | 3251000 | 3251000 | 3221009 | 29991 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (എ.സി.ആർ പ്രകാരം) | | 6356475 | 6356475 | 4840086 | 1516389 |
| കെ.എൽ.എസ്. ജി.ഡി.പി (എ.സി.ആർ | | 843621 | 843621 | 300000 | 543621 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| സാക്ഷരത | 102257 | 0 | 0 | 0 | 102257 |
| ദുരിതാശ്വാസ നിധി | 12578 | 3250 | 15828 | 9000 | 6828 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.അനുപൂരക പോഷകാഹാരം | 894327 | 670782 | 1565109 | 502901 | 1062208 |
| 2.എം.പി.ഫണ്ട് | 6783 | 252 | 7035 | 0 | 7035 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| തൊഴിലുറപ്പ് | 660.69 | 27728175.11 | 27728835.8 | 27727578 | 1257.8 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 814966 | 8344000 | 9158966 | 9272707 | 1113741 |

## 1-6 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2017-18 | 143 | 98 | - | 45 | 68.53 |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 15 | 4001129 | 2033553 | 50.82 |
| അസി. എഞ്ചിനിയർ | 68 | 39 | 31874819 | 17574288 | 55.14 |
| കൃഷി ഓഫീസർ | 13 | 13 | 3081282 | 2140344 | 69.46 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 673240 | 643000 | 95.51 |
| മെഡിക്കൽ ഓഫീസർ - ആയുർവേദ | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| വെറ്റിനറി സർജൻ | 6 | 6 | 5715000 | 3220450 | 56.35 |
| ഹെഡ് മാസ്റ്റർ | 5 | 4 | 1690865 | 1399215 | 82.75 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 3828100 | 3651151 | 95.38 |
| വി.ഇ.ഒ | 15 | 13 | 6614920 | 4293835 | 64.91 |
| ആകെ | 143 | 98 | 57439355 | 35455836 | 61.73 |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-

ഇല്ല
ഗ്രാമസഭ

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായ പ്രത്യേകഗ്രാമസഭയുൾപ്പെടെ 4 തവണ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിലെ പങ്കാളിത്തം പൊതുവേ തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടുകളും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നു എന്നത് അധികാര വികേന്ദ്രീകരണമെന്ന ആശയത്തിന്റെ ഫലപ്രദമായ പ്രയോഗമായി വിലയിരുത്താൻ കഴിയും. ഇത് അഭിനന്ദനാർഹമാണ്. പദ്ധതി നിർദേശങ്ങളെ സംബന്ധിച്ചും ഫലപ്രദമായ ചർച്ചകൾ ഗ്രാമസഭകളിൽ ഉണ്ടാവുന്നുണ്ട് എന്ന് മിനുട്സുകൾ സൂചിപ്പിക്കുന്നു.

മറ്റ് വിവരങ്ങൾ:

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ പൊതുവേ തൃപ്തികരമായ വിധത്തിലാണ്. സ്റ്റിയറിങ്ങ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നുണ്ട്.വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ശരാശരി 3 തവണ ഈ കാലയളവിൽ യോഗം ചേരുകയും അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു വന്നിട്ടുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ യോഗം ചേരലുകളും പ്രവർത്തനങ്ങളിലെ ഇടപെടലുകളും തൃപ്തികരമായ നിലയിൽ നടന്നിട്ടുണ്ട്.

പദ്ധതികളുടെ യഥാവിധിയുള്ള മോണിറ്ററിങ്ങ് പൊതുവിൽ നടന്നു വരുന്നുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ബന്ധപ്പെട്ട മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടുകൾ ലഭ്യമായിരുന്നില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പ്രോജക്ട് രേഖകളുടെ അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

തൻവർഷത്തെ പദ്ധതിച്ചെലവ് ആകെ അടങ്കലിന്റെ 62% മാത്രമാണ്. ഗ്രാമ പഞ്ചായത്തിന്റെ വികസനസാധ്യതകൾ മുഴുവൻ പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പാക്കാൻ പ്രായോഗികമായി സാധ്യമാവുന്നതും പ്രദേശത്തിന്റെ ആവശ്യകതകൾക്കിണങ്ങുന്നതും വികസന സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താവുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രദ്ധയുണ്ടാവേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പു വരുത്തുന്ന സമഗ്ര വികസനമെന്ന ,സർക്കാർ മുന്നോട്ട് വെച്ച 13ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ലൈഫ് മിഷൻ പ്രകാരമുള്ള ഭവനങ്ങൾ ഒന്നൊഴികെ ബാക്കിയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലും സമയക്രമം പാലിക്കാൻ പൊതുവിൽ കഴിഞ്ഞിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 660.69 | 1021853.11 | 1022513.80 | 1021256 | 1257.8 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | nil | 26706322 | 26706322 | 26706322 | nil |
| ആകെ | 660.69 | 27728175.11 | 27728835.8 | 27727578 | 1257.8 |

| രജിസ്ട്രേഷനുകളുടെ എണ്ണം | | | | സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | | | | ചെലവ് (ലക്ഷത്തിൽ) | 100 ദിവസം തൊഴിൽ തികച്ചവരുടെ എണ്ണം | ഏറ്റെടുത്ത പ്രവൃത്തികൾ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| s.c. | s.t. | others | total | s.c. | s.t. | others | total | | | |
| 39 | 171 | 3591 | 3801 | 409 | 3248 | 62295 | 65952 | 267.06 | 68 | 239 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| കർഷകതൊഴിലാളി പെൻഷൻ | 4169300 | 365 |
| തൊഴിൽരഹിത വേതനം | 28200 | 49 |
| വിധവാപെൻഷൻ | 9285800 | 795 |
| വാർദ്ധക്യകാലപെൻഷൻ | 21912700 | 1739 |
| വികലാംഗപെൻഷൻ | 3286300 | 294 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1042100 | 87 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22872/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ച് നൽകിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ പ്രതിമാസം ചേർന്നു വരുന്നുണ്ട്. നികതി പിരിവ്, ഫണ്ട് വിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പൊതു ജനങ്ങൾക്കുള്ള

സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/02/2018 | 01/12/2018 മുതൽ 31/01/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.8.11മുതൽ 19.8.11വരെ | 2008-09&2009-10 | 13.02.2012 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.ഡി സി ബി പത്രിക പ്രകാരമുള്ള വസ്തു നികുതി, കുടിശിക വസ്തു നികുതി എന്നിവ വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി, കുടിശിക വസ്തു നികുതി എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.നോട്സ് ഓൺ അക്കൗണ്ട് അക്കൌണ്ടിനൊപ്പം സമർപ്പിച്ചിട്ടുമില്ല.

| | ഡി സി ബി പത്രിക പ്രകാരം ₹ | | | വാർഷിക ധനകാര്യ പത്രികപ്രകാരം ₹ | | |
|---|---|---|---|---|---|---|
| | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് | ഡിമാൻഡ് | കളക്ഷൻ | ബാലൻസ് |
| കുടിശിക | 2035867 | 1609978 | 523260 | 2426536 | 1502388 | 626465 |
| തൻവർഷം | 3966168 | 3700283 | 350162 | 3941865 | 3376750 | 396406 (-45724) |
| ആകെ | 6002035 | 5310261 | 579321 | 6368401 | 4879138 | 977147 |

2. ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ തുകകളെ സംബന്ധിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ലാ ത്തതിനാൽ ബാലൻസ് ഷീറ്റുമായി ഒത്തു നോക്കിയിട്ടില്ല

3.ആസ്തി ബാദ്ധ്യതകൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല.

4.പേരാവൂർ സർവ്വീസ് സഹകരണ അർബൻ ബാങ്കിന്റെ (നം 3290) കാലാവധി കഴിഞ്ഞ ചെക്കുകൾ (006825/29.122016, 005981/13.10.14, 5897/06.10.2012, 003986/24.06.2013)

Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5.മുൻകൂർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.അക്കൗണ്ടിലെ ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂളിലെ വിനിയോഗിക്കുവാൻ ബാക്കിയായ ഗ്രാന്റുകളുടെ വിശദ വിവരം രേഖപ്പെടുത്തിയ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാദിച്ചിട്ടില്ല.

7.വിനിയോഗിക്കുവാൻ ബാക്കിയായ ഗുണഭോക്തൃവിഹിതം 109132/-ഏതിനത്തിൽപ്പെടുന്നതാണെന്ന് വിശദീകരി ക്കപ്പെട്ടിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് അപാകങ്ങൾ

രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ കാൻസൽ ചെയ്ത പല രസീതുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 9216 | 54 |
| 2 | 9192 | 83 |
| 3 | 9214 | 16 |
| 4 | 9200 | 9 |

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1.തൊഴിൽ നികുതി ഈടാക്കിയതായില്ല

(i)പേരാവൂർ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഹൈവിഷൻ ചാനൽ | 2017-18 രണ്ടാം അർദ്ധവർഷം (സ്ഥാപന തൊഴിൽ നികുതി+ജീവനക്കാരുടെ തൊഴിൽ നികുതി) |

| | | |
|---|---|---|
| | | |
| 2 | പോസ്റ്റ് ഓഫീസ്,തുണ്ടിയിൽ | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (ജീവനക്കാരുടെ തൊഴിൽ നികുതി) |
| 3 | പ്രീമിയർ ഫിനാൻസ് | 2017-18 രണ്ടാം അർദ്ധവർഷം (സ്ഥാപന തൊഴിൽ നികുതി+ജീവനക്കാരുടെ തൊഴിൽ നികുതി) |
| 4 | ബി.എസ്.എൻ.എൽ | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (സ്ഥാപന തൊഴിൽ നികുതി) |
| 5 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്,പേരാവൂർ ബ്രാഞ്ച് | 2017-18 രണ്ടാം അർദ്ധവർഷം (സ്ഥാപന തൊഴിൽ നികുതി) |
| 6 | സൗഭാഗ്യ ന്യൂട്രിമിക്സ് യൂണിറ്റ് | 2017-18 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (ജീവനക്കാർ-6 ജീവനക്കാർ ഉള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ പറയുന്നു.) |

2.പേരാവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂളുകൾ, പൊതുവിതരണ സ്ഥാപനങ്ങൾ, അംഗൻ വാടികൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാർ,മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ മുതലായവർ, കരാർ അടിസ്ഥാനത്തിൽ നിയമിച്ച ഡ്രൈവർമാർ, പബ്ലിക് വർക്ക് കോൺട്രാക്ടർമാർ,പാലിയേറ്റീവ് നഴ്സ് മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

3.പേരാവൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരികളുടെയും

വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

4.പേരാവൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിലധികം ജോലി ചെയ്ത് മറ്റ് സ്ഥലങ്ങളിലേക്ക് സ്ഥലം മാറി പോകുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന് ഉറപ്പുവരുത്തുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | തസ്തിക | ട്രാൻസ്ഫർ തിയ്യതി | തൊഴിൽ നികുതി കാലയളവ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പേരാവൂർ ബ്രാഞ്ച് | ജയിംസ് കുട്ടി | ക്ലർക്ക് | 03-06-2017 | ഒന്നാം അർദ്ധവർഷം |
| 2 | കേരള ഗ്രാമീൺ ബാങ്ക്,തൊണ്ടിയിൽ ബ്രാഞ്ച് | ലോയ്ഡ് തോമസ് | ഓഫീസ് അറ്റൻഡന്റ് | 03-06-2017 | ഒന്നാം അർദ്ധവർഷം |

5.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്.205 ബി.പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം, ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാര നോടും, ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബി ന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ ,ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏതെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ, സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. പേരാവൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. ഇത്തരം നടപടികളിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

6.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ/ തസ്തിക | അർദ്ധവാർഷിക വരുമാനം | ഒടുക്കിയ നികുതി/രസീത് നം./തിയ്യതി | ഒടുക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | സബ് ട്രഷറി, പേരാവൂർ | ജയചന്ദ്രൻ പി.എൻ./പാർട്ട് ടൈം സ്വീപ്പർ | 60608 | 450 117020101688 31-08-2017 | 600 | 150 (ഒന്നാം അർദ്ധ വർഷം) |
| 2 | ജി.എൽ.പി. സ്കൂൾ ര്,പെരുംപുന്ന | രമണി നടുക്കണ്ടി/ പി.ടി.എം. | 78795 | 600 117020101926 28-09-2017 | 750 | 150 (ഒന്നാം അർദ്ധ വർഷം |
| 3 | ഗവ.വെറ്റിനറി ഹോസ്പിറ്റൽ, പേരാവൂർ | ഉഷ ടി.വി. /പാർട്ട് ടൈം സ്വീപ്പർ | 80292 | 600 117020101573 22-08-2017 | 750 | 150 (ഒന്നാം അർദ്ധ വർഷം |
| | ആകെ | | | | | 450 |

7.രജിസ്റ്റർ പൂർണ്ണമല്ല

2017-18 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ രണ്ടാം അർദ്ധ വർഷത്തെ നികുതി സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ആരെങ്കിലും ഒഴിവായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

## 2-3 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ ഡി.&ഒ.ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണ്ടെത്തി.

1).ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുൻപും സമർപ്പിക്കേണ്ടതാകുന്നു. എന്നാൽ പേരാവൂർ ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം. | അപേക്ഷ തിയ്യതി |
|---|---|---|---|
| 1 | കൊണ്ടലാടൻ ശാന്ത | VI/56 | 25-01-2018 |
| 2 | പി.വി.ദിനേശ് ബാബു | XI/650 | 23-01-2018 |

2). പേരാവൂർ ഗ്രാമ പഞ്ചായത്ത് 2017-18 വർഷം ഡി& ഒ ലൈസൻസ് നൽകിയ വി.കെ.സ്റ്റോർ ക്രഷർ എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി കാലാവധി 10-12-2017 വരെ മാത്രമാണ്. ആവശ്യമായ രേഖകൾ ഇല്ലാത്ത സ്ഥാപനത്തിന് 2017-18 വർഷത്തേക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചത് ശരിയല്ല. ഭാവിയിൽ ഇത്തരം വീഴ്ച്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3).ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

2017-18വർഷത്തെ ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | അപേക്ഷകൻ/ ആവശ്യം | വാർഡ്/ കെട്ടിട നം. | ദിവസ വിറ്റുവരവ് | അടച്ച തുക/രസീത് നം./തിയ്യതി ₹ | അടക്കേണ്ട തുക ₹ | കുറവു വന്ന തുക ₹ |
|---|---|---|---|---|---|---|
| 1 | എസ്.ബഷീർ /മാക്സൻ ട്രേഡേഴ്സ് | XI839,840,841 | 35000 | 300 2104132 09-02-2017 | 1000 | 700 |
| 2 | ടി.വി.മാത്യു /മരിയൻ മെറ്റൽസ് | XI 1130 | ----- | 200 2104169 10-02-2017 | 300 (അന്വേഷണ റിപ്പോർട്ട് പ്രകാരം) | 100 |
| 3 | എൻ.പി.പ്രമോദൻ/ റിംഗ് ടോൺ മൊബൈൽസ് | XI 908 | 15000 | 100 2104174 10-02-2017 | 300 | 200 |
| 4 | എൻ.പി.പ്രദീപൻ /ജ്വല്ലറി | | 40000 | 100 2104175 | 1000 | 900 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 10-02-2017 | | |
| 5 | കെ.കെ. മോഹൻദാസ് /ഹോട്ടൽ | XI 691 | ----- | 300 11602104453 22-02-2017 | 500 (അന്വേഷണ റിപ്പോർട്ട് പ്രകാരം) | 200 |
| 6 | കെ.കെ. മോഹൻദാസ് /ബിയർ &വൈൻ പാർലർ | XI 693 | ----- | 300 2104342 18-02-2017 | 1000 (അന്വേഷണ റിപ്പോർട്ട് പ്രകാരം) | 700 |
| 7 | കെ.സി.നസീമ /കാട്ടുമാടം സ്റ്റീൽസ് | XII 112 | 50000 | 500 11602104717 27-02-2017 | 1000 | 500 |
| 8 | ഓമന എം.പി./ ഒ.കെ. എന്റർപ്രൈസസ് | XI/399A | 200000 | 500 117020100314 29-04-2017 | 4000 | 3500 |
| 9 | ജോണി.വി.ജോൺ/ കർഷക ഓയിൽ&ഫ്ലോർ മിൽ | XII/93 | 25 HP | 200 117020100969 03-07-2017 | 300 | 100 |
| 10 | പി.വി.ദിലീപ് കുമാർ/ബാബു ഹാർഡ്വേർസ് | XI/638 | 50000 | 200 117020102238 30-10-2017 | 1000 | 800 |
| ആകെ | | | | | | 7700 |

4). ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2017-18വർഷത്തെ ഡി.&ഒ.ലൈസൻസ് പുതുക്കുവാൻ സമർപ്പിച്ച ചില അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം | ആവശ്യം |
|---|---|---|---|
| 1 | പി.വി.ദിലീപ് കുമാർ | XI/899 | ബാബു ഹാർഡ്‌വേർസ്,പെയിന്റ് വിൽപന |
| 2 | വേലായുധൻ സി.വി. | V/456 | ജെ.എം.സ്റ്റോർസ്,ചൂടി,പായ വിൽപന. |

ദിവസ വരുമാനമോ അന്വേഷണ റിപ്പോർട്ടോ ഇല്ലാത്ത അപേക്ഷകളിൽ ഈടാക്കിയ ലൈസൻസ് ഫീ കൃത്യതയുള്ളതാണോ എന്ന് ഉറപ്പു വരുത്തുവാൻ സാധിക്കുന്നില്ല. അപേക്ഷകൾ പൂർണ്ണമാണോ എന്ന് സെക്ഷനിലും തുടർന്ന മേലധികാരികളും ഉറപ്പു വരുത്തേണ്ടതാണ്.

5.1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയത് പ്രകാരം ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള അവസരമാണ് ഇതുവഴി നഷ്ടമായത്.

## 2-4 <u>വസ്തുനികുതി അപാകങ്ങൾ</u>

1. ഡി&ഒ ലൈസൻസ് രജിസ്റ്റർ,സഞ്ചയ സോഫ്റ്റ്‌വേറിലെ ഡാറ്റാ എന്നിവ പരിശോധിച്ചതിൽ നിന്നും കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഡാറ്റാ എൻട്രി നടത്തിയതിനാൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ഉപയോഗക്രമം സഞ്ചയയിൽ | യഥാർത്ഥ ഉപയോഗക്രമം (ഡി&ഒ രജിസ്റ്റർ ക്രമ നം.) |
|---|---|---|---|
| 1 | XI/407,408 | പാർപ്പിടാവശ്യം | ഗോഡൗൺ(4) |
| 2 | XI/864 | ഓഫീസ് ആവശ്യം | ഗൊഡൗൺ(6) |
| 3 | II/287A | ഓഫീസ് ആവശ്യം | വാണിജ്യം(46) |

| | | | |
|---|---|---|---|
| 4 | XV/215 | പാർപ്പിടാവശ്യം | വാണിജ്യം(49) |
| 5 | XI/37 | പാർപ്പിടാവശ്യം | വാണിജ്യം(49) |
| 6 | VII/266 | പാർപ്പിടാവശ്യം | വാണിജ്യം(106) |
| 7 | XVI/1,2,3 | പാർപ്പിടാവശ്യം | വാണിജ്യം(159) |
| 8 | XI/114 | പാർപ്പിടാവശ്യം | വാണിജ്യം(49) |
| 9 | VIII/293 | ഓഡിറ്റോറിയം | വാണിജ്യം(161) |
| 10 | XI/214H | വിവരങ്ങൾ ഇല്ല. | വാണിജ്യം(192) |
| 11 | XII/484A,B | വിവരങ്ങൾ ഇല്ല. | വാണിജ്യം(194) |
| 12 | XII/509 | പാർപ്പിടാവശ്യം | വാണിജ്യം(215) |
| 13 | XI/1062 | പാർപ്പിടാവശ്യം | വാണിജ്യം(242) |
| 14 | VII/533,534,535 | വിവരങ്ങൾ ഇല്ല. | വാണിജ്യം(251) |
| 15 | IV/140,141 | പാർപ്പിടാവശ്യം | വാണിജ്യം(258) |
| 16 | VI/486 | പീലിംഗ് ഷെഡ് | വാണിജ്യം(261) |
| 17 | XI/491 | പാർപ്പിടാവശ്യം | ഗോഡൗൺ(295) |
| 18 | XI/503 B | വിവരങ്ങൾ ഇല്ല. | ഗോഡൗൺ(295) |
| 19 | XIII/123 | പാർപ്പിടാവശ്യം | വാണിജ്യം(339) |
| 20 | VI/445 | പാർപ്പിടാവശ്യം | ക്ലിനിക്(385) |
| 21 | VI/112G | വിവരങ്ങൾ ഇല്ല. | വാണിജ്യം(426) |
| 22 | V/459 | വിവരങ്ങൾ ഇല്ല. | വാണിജ്യം(429) |
| 23 | VI/303 F | വിവരങ്ങൾ ഇല്ല. | വാണിജ്യം(444) |
| 24 | I/237 | പാർപ്പിടാവശ്യം | വാണിജ്യം(452) |

ഇത്തരത്തിൽ ഉപയോഗ ക്രമം ശരിയായി ചേർക്കാത്തതുമൂലം നികുതി കുറഞ്ഞ നിരക്കിൽ മാത്രമാണ് ഈടാക്കി വരുന്നത്. ഇത്തരത്തിൽ തെറ്റായി ഉപയോഗക്രമം കാണിച്ച മുഴുവൻ കെട്ടിടങ്ങളുടേയും ശരിയായ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും നാളിതുവരെ കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കിയ കെട്ടിടങ്ങളുടെ കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ആവശ്യമായ രേഖകൾ ഇല്ലാതെ പെർമിറ്റും നമ്പറും നൽകി

നാമത്ത് രമണി എന്നവരുടെ വാർഡ് 5 ലെ 118 A എന്ന കെട്ടിടത്തിന് 29-08-2017 ന് A3-4373/17 നമ്പറായി റെഗുലറൈസേഷൻ നൽകുകയുണ്ടായി. ഇതര വ്യവസായികാവശ്യത്തിനുള്ള മേൽ പറഞ്ഞ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് നൽകും മുൻപ് ഫയർ എൻ.ഒ.സി. ലഭ്യമാക്കേണ്ടതുണ്ട്.എന്നാൽ ഇത്തരത്തിലുള്ള ഫയർ എൻ.ഒ.സി. ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/28-02-2019)ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത് പെർമിറ്റുകൾ അനുവദിക്കുന്നത് ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലൈഫ് ഭവന പദ്ധതി – ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിന് അനുവദിച്ച 60000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ :വിഇഒ

പ്രോജക്ട് : 1/17-18 - ലൈഫ് ഭവന പദ്ധതി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

അടങ്കൽ :₹200000 വികസന ഫണ്ട്

: ₹200000 തനത് ഫണ്ട്

ആകെ : ₹400000

ചെലവ്: ₹100000 വികസന ഫണ്ട്

ബിൽ നമ്പർ : 15 /17-18 dtd 14-02-2018 - ₹40000

ബിൽ നമ്പർ : 28 /17-18 dtd 20-03-2018 - ₹60000

ലൈഫ് മിഷൻ പ്രോജക്ടിൽ ഗുണഭോക്താവായ ശ്രീ പദ്മനാഭൻ s/o കുഞ്ഞിരാമൻ വടക്കെക്കരമ്മൽ എന്നവർ 2011-12-ലെ ഇ.എം.എസ് ഭവന നിർമ്മാണം പദ്ധതി ഗുണഭോക്താവായിരുന്നു. തറനിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 2011-12 ൽ 52500/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലെ ലൈഫ്-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പ്രോജക്ടിൽ ഗുണഭോക്താവായി തിരഞ്ഞെടുത്ത് 28-02-2018 തീയതിയിൽ, 31-03-2018 തീയതിക്കകം ഭവന നിർമ്മാണം പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ എഗ്രിമെന്റ് വച്ച് മേൽപ്പറഞ്ഞ ബിൽ പ്രകാരം തുക 60000 കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയും പലിശ സഹിതം മേൽപ്പറഞ്ഞ ഗുണഭോക്താവിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക 60000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 കാരുണ്യം – പാലിയേറ്റീവ് ഹോം കെയർ പദ്ധതി –ചെലവ് വിവരം ലഭ്യമല്ല – 270984 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി

പ്രോജക്ട് നം -105/17-18 കാരുണ്യം – പാലിയേറ്റീവ് ഹോം കെയർ

അടങ്കൽ - ₹550000 വികസന ഫണ്ട് ജനറൽ

₹67440 തനത് ഫണ്ട്

ചെലവ് - ₹550000 (വികസന ഫണ്ട് ജനറൽ), 37200(തനത് ഫണ്ട്)

ബിൽ നം.1/17-18,21/10/17 = ₹189396

ബിൽ നം.2/17-18,17/3/18 = ₹126820

ബിൽ നം.3/17-18,28/3/18 = ₹220984

ബിൽ നം.5/17-18,28/3/18 = ₹12800

ചെക്ക് നം :1499/30-03-2018 = ₹37200

പഞ്ചായത്ത് നടപ്പിലാക്കിവരുന്ന കാരുണ്യം – പാലിയേറ്റീവ് ഹോം കെയർ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും, തനത്ഫണ്ടിൽ നിന്നും മേൽ കാണിച്ച ബിൽ/ ചെക്ക് പ്രകാരം 587200 രൂപ പിൻവലിച്ചിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന ബിൽ പ്രകാരം പിൻവലിച്ച തുകയുടെ ചെലവിന്ആധാരമായ വൌച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| ബിൽ നം/തീയതി | ചെലവ് തുക |
|---|---|
| 3/2017-18//28-03-2018 | 220984 |
| 5/2017-18//28-03-2018 | 12800 |
| ആകെ | 233784 |

തനത് ഫണ്ട് വൗച്ചർ പ്രകാരം പാലിയേറ്റീവ് നേഴ്സ് ആയ ശ്രീമതി ആൻസി വർഗ്ഗീസിന് 2017 ജൂൺ മാസം മുതൽ വർധിപ്പിച്ച നിരക്കിലുള്ള ഹോണറേറിയം നൽകുന്നതിനായി 37200/- രൂപ പിൻവലിച്ചു ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ ശ്രീമതി ആൻസി വർഗ്ഗീസിന്റെ കൈപ്പറ്റ് രശീത് അല്ലാതെ മറ്റു വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കുടിശിക തുക കണക്കാക്കിയതിന്റെ Due Drawn Balance Statement ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകി എങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ 270984 രൂപയടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 1/17-18 --കന്നുകുട്ടി പരിപാലനം

അടങ്കൽ :₹1062500 വികസന ഫണ്ട്

: ₹1062500 ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് )

ആകെ : ₹2125000

ചെലവ്: ₹1062500 വികസന ഫണ്ട്

ബിൽ നമ്പർ : 3 /17-18 dtd 17-01-2018 - ₹1062500

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഉൾപ്പെട്ട 85 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായ ₹1062500 എസ്.എൽ,ബി.പി,ഡെപ്യൂട്ടി ഡയരക്ടർ, കണ്ണൂരിന് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 71901140000003) SLBP ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കന്നുകുട്ടികൾക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ശരിയായ അളവിൽ ലഭ്യമാകുന്നുണ്ട് എന്നും ആയത് ഗുണഭോക്താക്കൾക്ക് SLBP നൽകുന്ന വിതരണകാർഡിൽ യഥാസമയം രേഖപ്പെടുത്തുന്നുണ്ട്എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. എൻറോൾ ചെയ്ത ഗുണഭോക്താക്കൾ പദ്ധതിയിൽനിന്ന് ഇടയ്ക്ക് വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് ആനുകൂല്യം അനുവദിക്കുന്നതിനായി നൽകിയ തുക SLBP യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി, നിർവ്വഹണ ഉദ്യോഗസ്ഥനും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് ചെയ്യേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ഈ ഇനത്തിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തിയാക്കിയതിന് ശേഷം ലഭ്യമാക്കേണ്ടതും കൂടാതെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കിയതിന് ശേഷവും തുക ചെലവഴിക്കാതെ ബാക്കിയുണ്ടെങ്കിൽ ആയത് തിരിച്ചടച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## **3-4** <u>കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

ജി.ഒ.(എം.എസ്) നം.72/2017.ത.സ്വ.ഭ.വ. തി.29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഖ-12 ൽ ഗ്രാമപഞ്ചായത്തുകൾ കാർഷികമേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും, മേഖലയിൽ സ്വീകരിക്കേണ്ട വികസനപരിപ്രേക്ഷ്യത്തെ സംബന്ധിച്ചും വിശദമായി പ്രദിപാദിച്ചിട്ടുണ്ട്. ഇവ കഴിയുന്നിടത്തോളം പാലിച്ച്കൊണ്ടായിരിക്കണം കാർഷികമേഖലയിലെ പദ്ധതികൾ തയ്യാറാക്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

A) കാർഷികമേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണം. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 25.11.2016 ലെ സർക്കുലർ നം. 1034810//2016പ്രകാരം ഹരിതകേരള മിഷന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർവ്വഹണമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പച്ചക്കറി ഉൽപ്പാദനത്തിൽ ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കേണ്ടതിലേക്കും, വർഷം മുഴുവൻ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുന്ന മിഷൻ യോഗം ചേർന്ന് പച്ചക്കറി ഉൽപ്പാദന കലണ്ടർ തയ്യാറാക്കി 2017 ജനുവരി ഒന്നു മുതൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ തരിശുഭൂമിയുടെ ഫലപ്രദമായവിനിയോഗം കാർഷിക വൃത്തിക്കായി ഒരുക്കുന്നതിനാവശ്യമായനടപടികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഇതുമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം തന്നെ വമ്പിച്ച പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദശിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒന്നും തന്നെ ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പഞ്ചായത്ത്തല മിഷൻ രൂപീകരിച്ചതിന്റെ മിനുട്സ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

B)മണ്ണ്, ജലസംരക്ഷണ, പരിസ്ഥിതിസംരക്ഷണ, നീർത്തടസംരക്ഷണം വനവൽക്കരണം, എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം. മേൽപരാമർശിച്ച ഉത്തരവിൽ

ഇതിനായി പൊതുജലാശയങ്ങൾ സംരക്ഷിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നതിനും വെള്ളപ്പാച്ചിൽ തടയുന്നതിനും കിണറുകളിലേയും മറ്റും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും മഴക്കുഴികൾ ശാസ്ത്രീമായി നിർമ്മിക്കേണ്ടതും ആയതിന് മണ്ണ്സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമായി ഏകോപിപ്പിച്ച് നടപ്പാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

C)കാർഷിക പദ്ധതികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. മാർഗ്ഗരേഖയിലെ നിർദ്ദേശം നടപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്ത് കാര്യമായി ശ്രമിച്ചിട്ടില്ല.

## 3-5 തുടി കൊട്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതി-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് : തുടി കൊട്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതി

പ്രോജക്ട് നമ്പർ :64/2017-18

| ഫണ്ട് | തുക | ചെലവ് /ബിൽ നമ്പർ |
|---|---|---|
| വികസന ഫണ്ട് ടി എസ് പി | 462000 | 2/2017-18/22-01-2018 = 132855<br>4/2017-18/22-03-2018 = 167955<br>(ആകെ 300810രൂപ) |

തുടി കൊട്ട് - സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ട്യൂട്ടറിംഗ്, ലഘു ഭക്ഷണ ചെലവ് എന്നീ ഇനങ്ങളിൽ തുക ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ക്ലാസ്സ് ഇൻസ്ട്രക്ടറുടെ യോഗ്യത, തെരഞ്ഞെടുപ്പ് മാനദണ്ഡം എന്നിവ വ്യക്തമല്ല. പങ്കുത്ത കുട്ടികളുടെ ഹാജർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവർ ഏതു സ്കൂളിലെ വിദ്യാർഥികൾ ആണെന്നോ , എത്രാം തരത്തിൽ പഠിക്കുന്നവർ ആണെന്നോ ഉള്ള വിവരം ലഭ്യമല്ല. കൂടാതെ ക്ലാസ്സിൽ പങ്കെടുത്ത കുട്ടികൾ സ്കൂളിൽ മുടങ്ങാതെ പോയതായുള്ള സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രമോ എന്തൊക്കെ പഠന പ്രവർത്തനങ്ങൾ ആണ് അവിടെ നടന്നിട്ടുള്ളത് എന്നും തുടങ്ങിയ രേഖകൾ ഇല്ല പദ്ധതിയുടെ മോണിറ്ററിംഗ് യഥാവിധി നടന്നിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹെഡ് മാസ്റ്റർ ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ രേഖകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-6 ഡിപ്പാർട്ട്മെന്റൽ ആയി സപ്ളൈ ചെയ്ത ബിറ്റുമിന് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് സംബന്ധിച്ച്.

താഴെ പറയുന്ന റോഡ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമെൻ ഡിപ്പാർട്ട്മെന്റലായി സപ്ലൈ ചെയ്തിട്ടുണ്ട്.

| ക്രമ നംപർ | പ്രോജക്ട് നംപർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ |
|---|---|---|---|
| 1 | 52/17 | മുല്ലപ്പള്ളി -കല്ലടി റോഡ് ടാറിങ്ങ് | സി.എം.പൈലി |
| 2 | 55/17 | മുരിങ്ങോട്-നമ്പിയോടേ റോഡ് റീ ടാറിങ്ങ് | ടി.യു.ഉലഹന്നാൻ |
| 3 | 56/17 | പാറപ്പുറം-നമ്പിയോടേ റോഡ് ടാറിങ്ങ് | കെ.രവീന്ദ്രൻ |
| 4 | 65/17 | തിരുവോണപ്പുറം-അമ്പലം റോഡ് ടാറിങ്ങ് | ശ്രീജയൻ.പി.ഇ |
| 5 | 69/17 | വെള്ളർവള്ളി-കുനിത്തല ശ്മശാനം റോഡ് ടാറിങ്ങ് | അഭിലാഷ് മൈക്കിൾ |

ജി.ഒ.(പി) നം. 96/2016/Fin തീയതി 15-07 2016 പ്രകാരം, ഡിപ്പാർട്ട്മെന്റലായി ബിറ്റുമിൻ വിതരണം ചെയ്യുന്നുവെങ്കിൽ, അത്തരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് കോൺട്രാക്ടറുടെ ലാഭവിഹിതം, ഓവർ ഹെഡ് ചാർജ് ഇവ ഒഴിവാക്കിക്കൊണ്ടാകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉപയോഗിച്ച ഡാറ്റ പരിശോധിച്ചപ്പോൾ, കരാറുകാരന്റെ ലാഭവിഹിതവും, ഓവർ ഹെഡ് ചാർജും ഉൾപ്പെടെയുള്ള നിരക്ക് അനുവദിച്ചതായി കാണുന്നു. എന്നാൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവു ചെയ്തത് ബിറ്റുമിന്റെ യഥാർത്ഥ വില (കൺവേയൻസ് ചാർജ് ഉൾപ്പെടെ) മാത്രമാണ്. ബിറ്റുമിൻ കരാറുകാരൻ തന്നെ ലഭ്യമാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പിന്നീട് ബിറ്റുമിൻ വാങ്ങി നൽകാൻ ഭരണസമിതി തീരുമാനിക്കുകയുമായിരുന്നു എന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ഇത് കരാറുകാരന് അനർഹമായ ഒരു ആനുകൂല്യം ലഭിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ബിൽ പരിശോധിച്ച്, സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ അധിക തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 3-7 ടാറിന് അധിക കടത്തു കൂലി അനുവദിച്ചതു സംബന്ധിച്ച്

ടാറിങ്ങ് പ്രവൃത്തികൾക്കായി അമ്പലമുഗൾ BPCL എന്ന സ്ഥാപനത്തിൽ നിന്ന് പാക്ഡ് ബിറ്റുമിൻ, Hindcol , എറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് ഇമൽഷൻ എന്നിവ കൊണ്ടുവരുന്നതിനായി ലഭിച്ച ക്വട്ടേഷനുകളുടെ നിരക്കുവിവരം താഴെക്കൊടുക്കുന്നു.

| സ്ഥാപനം | ബിറ്റുമിൻ | ഇമൽഷൻ |
|---|---|---|
| ആലഞ്ചേരി ട്രാൻസ്പോർട്ട് | 390 | 690 |
| സാജൻ.പിജേക്കബ് | 290 | 590 |
| സന്തോഷ് പി.ചെറിയാൻ | 240 | 340 |

ഗ്രാമ പഞ്ചായത്തിന്റെ 162/17 (8)നംപർ തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സന്തോഷ് പി.ചെറിയാന്റെ ക്വട്ടേഷൻ സ്വീകരിച്ചു. എന്നാൽ ഇദ്ദേഹത്തിന് വൗച്ചർ നം.21700241 തീയതി 29.6.2017 പ്രകാരം തുക നൽകിയിരിക്കുന്നത് യഥാക്രമം 290 /- ,490/- രൂപ നിരക്കിൽ, താഴെക്കാണിച്ച പ്രകാരമാണ്.

| | നൽകിയത് | നൽകേണ്ടത് | അധികം അനുവദിച്ചത് |
|---|---|---|---|
| ബിറ്റുമിൻ 58 (ബാരലിന് 290 X 58) | 16820 | 13920 | 2900 |
| ഇമെൽഷൻ (ബാരലിന് 490 X 17) | 8330 | 5780 | 2550 |

ക്വാട്ട് ചെയ്തതിനേക്കാൾ ഉയർന്ന നിരക്കിൽ കടത്തുകൂലി അനുവദിച്ചതു സംബന്ധിച്ച് വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു നൽകിയ മറുപടിയിൽ കരാറുകാരന്റെ അപേക്ഷയിൽ ക്വാട്ട് ചെയ്ത നിരക്ക് പരിശോധിക്കാതെ തുക അനുവദിച്ചുപോകുകയാണുണ്ടായതെന്നും എന്നാൽ വാങ്ങിയ താറിന്റെ വില പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുന്ന ഘട്ടത്തിൽ അനുവദിച്ച നിരക്കിലുള്ള കടത്തുകൂലിയും ചേർത്താണ് തുക കുറവു ചെയ്തിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ചു ശരിയാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച്

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെപറയും പ്രകാരമാണ്.

| തരം | എണ്ണം | വാട്സ് | നിരക്ക് | തുക |
|---|---|---|---|---|
| ഫ്ളൂറസന്റ് ലാമ്പ് | 50 | 80 | 134 | 6700 |
| SVL | 25 | 150 | 267 | 6675 |
| CFL | 166 | 22 | 32 | 5376 |
| സാധാരണ ബൾബുകൾ | 123 | 40 | 66 | 3118 |

പ്രോജക്ട് നംപർ 23/18 പ്രകാരം 330 തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിച്ചതായി കാണുന്നുണ്ട്. എന്നാൽ ഇതിനു ശേഷവും ഗ്രാമപഞ്ചായത്ത് 2017-18 വർഷം മുഴുവനും പ്രതിമാസം 26869/-രൂപ നിരക്കിലാണ് വൈദ്യുതി ചാർജ് ഒടുക്കി വന്നിട്ടുള്ളത്. ഇതിൽ നിന്നും

യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ അടിസ്ഥാനത്തിലല്ല ചാർജ് ഒടുക്കിവരുന്നത് എന്ന് വ്യക്തമാണ്. ഇന്ധന ക്ഷമത കുറഞ്ഞതും കൂടിയ ഉപഭോഗം രേഖപ്പെടുത്തുന്നതുമായ സാധാരണ ബൾബുകളുടെ കണക്കിൽ ബിൽ തുക കൂടിയിരിക്കുവാനും സാധ്യതയുണ്ട്.

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് മാത്രമേ ചാർജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണമെന്ന് 2016-17 ലെ ഓഡിറ്റ്റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. സംയുക്തപരിശോധന നടത്തുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡിനെ സമീപിച്ചിട്ടുണ്ടെന്നും എന്നാൽ ഇക്കാര്യത്തിൽ ബോർഡിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല എന്നുമാണ് ഗ്രാമപഞ്ചായത്ത് വിശദീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ ഉണ്ട്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## **3-9** സംസ്ഥാന ലൈഫ് ഇൻഷൂറൻസ് -പ്രീമിയം തുക നിശ്ചിത നിരക്കിൽ ഈടാക്കാത്തതു സംബന്ധിച്ച്.

KSR ഭാഗം I ചട്ടം 22 A പ്രകാരം സർക്കാർ ജീവനക്കാർ സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെ പോളിസി എടു ക്കേണ്ടതും സർക്കാർ കാലാകാലം നിശ്ചയിക്കുന്ന നിരക്കിൽ പ്രീമിയം ഒടുക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ ജി.ഒ(പി) നം.149/2016 തിയതി 4.10.2016 പ്രകാരമുള്ളതും 1.1.2017 മുതൽ പ്രാബല്യ ത്തിൽ വന്നിട്ടുള്ളതുമായ നിരക്കിൽ പോളിസി പ്രീമിയം ഒടുക്കി വരുന്നില്ല എന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | അടക്കേണ്ട പ്രീമിയം | അടച്ചുവരുന്ന തുക |
|---|---|---|---|---|---|
| 1 | ബാലകൃഷ്ണൻ.പി. | ക്ലർക്ക് | 29900 | 300 | 175 |
| 2 | പി.ജയപ്രകാശൻ | സീനിയർ ക്ലർക്ക് | 29200 | 300 | 150 |
| 3 | ബിന്ദു | സീനിയർ ക്ലർക്ക് | 31500 | 300 | 250 |
| 4 | സ്മിത.എം. | ജൂനി.സൂപ്രണ്ട് | 37500 | 500 | 300 |
| 5 | ശശീന്ദ്രൻ.ടി.പി. | അസി.സെക്രട്ടറി | 43600 | 500 | 175 |

ഇതിൽ ക്രമ നമ്പർ 1,3,4 എന്നിവയിൽ പരാമർശിച്ച ജീവനക്കാർ നിലവിൽ സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്നില്ല എന്നും ശ്രീ.ശശീന്ദ്രൻ. ടി.പി., 50 വയസ്സ് പൂർത്തിയാക്കിയ ആളാണെന്നും അറിയിക്കുകയുണ്ടായി. സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിലുള്ള വീഴ്ച ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 255000 | സമഗ്ര നെൽകൃഷി വികസനം | 255000 | -- |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | പാലിന് സബ്സിഡി | 0 | 400000 |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | -- |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | -- |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 500000 | കനിത്തല അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 500000 |

## 4-2 നിക്ഷേപപ്രവർത്തനങ്ങൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം.തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | കാഞ്ഞിരപ്പുഴ കുടിവെള്ള പദ്ധതി | 51701021 | 66050 | 49470 | 16580 |

| | | | | | |
|---|---|---|---|---|---|
| | ത്രീഫേസ് ലൈൻവലിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരങ്ങൾ

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54512658 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55366329 |
| വരവിനങ്ങളിലുള്ള നഷ്ടം | 8150 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ------------ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 330984 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(6) | 450 | | ശ്രീ.കെ.കെ.സത്യൻ സെക്രട്ടറി |
| 2-3(3) | 7700 | | ശ്രീ.കെ.കെ.സത്യൻ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 60000 | നിസമോൾ.കെ.എ, വി.ഇ.ഒ. |
| 3-2 | 270984 | ഡോ.അനൂപ് ബാലഗോപാലൻ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കെ.സത്യൻ സെക്രട്ടറി | സെക്രട്ടറി, കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി കുന്നംപുറത്ത് ഹൗസ്,അടക്കാത്തോട്(പി.ഒ) |
| ശ്രീമതി നിസമോൾ, കെ.എ., വി.ഇ.ഒ. | വി.ഇ.ഒ., പേരാവൂർ ഗ്രാമപഞ്ചായത്ത് | വല്ലത്ത് ഹൗസ്, വെള്ളാർ വള്ളി പി.ഒ |
| ഡോ. അനൂപ് ബാലഗോപാലൻ, മെഡിക്കൽ ഓഫീസർ, | സൂപ്രണ്ട്, ഇരിട്ടി താലൂക്ക് ഹോസ്പിറ്റൽ | അനരൂപ്, രാരിച്ചൻ റോഡ്, എരഞ്ഞിപ്പാലം, കോഴിക്കോട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|

| | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998- 1999 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 07 |
| 2000-2001 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 01 |
| 2004-2005 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 02 |
| 2005-2006 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 01 |
| 2006-2007 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 01 |
| 2008-2009 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 12 |
| 2009-2010 | കെ.എസ്.എ/കെ.എൻ.ആർ /സി11/2101/17,തീ. 26-03-18 | 14 |
| 2010-2011& 2011-12 | എൽഎഫ്.കെഎൻആർ സി5/323/15(2) തീ.07.08.15(14) | 06 |
| 2012-2013 | എൽഎഫ്.കെഎൻആർ/ സി5/1038 /15തീ.25.09.2015 | 18 |
| 2013-2014&2014-15 | കെ.എസ്എ-കെഎൻആർ സി5/1221 /2016/08.07.2016 | 16 |
| 2015-2016 | കെ.എസ്എ/കെഎൻആർ സി11/2242/07.02.2016 | 06 |

| | | |
|---|---|---|
| 2016-17 | കെ.എസ്എ/കെഎൻആർ സി11/415/18,20-04-18 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.11/255/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 27.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF PERAVOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 7181972.82<br>166177.00 |
| | Receipts | | |

| | | | |
|---|---|---|---|
| Operating | | | |
| 110000000 | Tax Revenue | RP-1 | 1542300.0 |
| 140000000 | Fees & User Charges | RP-4 | 581487.00 |
| 150000000 | Sale & Hire Charges | RP-5 | 152736.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41169288.00 |
| 171000000 | Interest Earned | RP-9 | 126227.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4530038.00 |
| 350000000 | Other Liabilities | RP-36 | 369866.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 27671.00 |
| 311000000 | Earmarked Funds | RP-29 | 3250.00 |
| 340000000 | Deposits Received | RP-34 | 87261.00 |
| 350000000 | Other Liabilities | RP-36 | 285900.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5623006.00 |
| 460000000 | Loans, Advances and Deposits | RP-47 | 13628.00 |
| Grand Total | | | 61860807.82 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3624584.00 |
| 220000000 | Administrative Expenses | RP-12 | 876497.00 |
| 230000000 | Operations & Maintenance | RP-13 | 1177623.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5868349.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11453486.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1572441.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 160070.00 |
| 254000000 | Expen.of Transferrred Institutions & State | RP-19 | 493085.00 |

| | | | |
|---|---|---|---|
| | Spon. Schems | | |
| 255000000 | Maintance Projects | RP-20 | 12413872.00 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | 1500.00 |
| 280000000 | Prior Perid Items | RP-26 | -12102.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 0.0 |
| 350000000 | Othes Liabilities | RP-36 | 6121317.00 |
| Non Operating | | | |
| 240000000 | Interest & Finance Charge | RP-14 | 92.00 |
| 280000000 | Prior Period Item | RP-26 | -6800.00 |
| 311000000 | Earmarked Funds | RP-29 | 9000.00 |
| 340000000 | Deposits Received | RP-34 | 37900.00 |
| 350000000 | Other Liabilities | RP-36 | 2122472.00 |
| 410000000 | Fixed Assets | RP-38 | 3121326.00 |
| 412000000 | Capital Work in Progress | RP-40 | 2227947.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3850740.00 |
| 460000000 | Loans, Advances and Deposits | RP-47 | 252930.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 6329058.82<br>165420.00 |
| Grand Total | | | 61860807.82 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF PERAVOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5945835.00 |

| | | | |
|---|---|---|---|
| 130000000 | Rental Income from panchayat properties | I-3 | 286128.00 |
| 140000000 | Fees & User Charges | I-4(b) | 720487.00 |
| 150000000 | Sale & Hire Charges | I-5(b) | 152736.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 112524885.00 |
| 171000000 | Interest Earned | I-8 | 126227.00 |
| 180000000 | Other Income | I-9 | 27671.00 |
| A | Total Income | | 119783969.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11933055.00 |
| 220000000 | Administrative Expenses | I-11(b) | 876497.00 |
| 230000000 | Operations & Maintenance | I-12(b) | 1177623.00 |
| 240000000 | Interest & Finance Charges | I-13 | 92.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8392943.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 36833907.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1453398.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 160070.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems<br>( not included under Decentralised plan programme) | I-14(d) | 40189285.00 |
| 255000000 | Maintance Projects | I-14(e) | 12413872.00 |
| 256000000 | Other Revenue Grants & Funds-Revenue Expenses | I-15(a) | 1500.00 |
| 272000000 | Depreciation | I-17(a) | 4527587.00 |
| | Total Expenditure | | 117959829.00 |
| | Gross Surplus/ Deficit of income over Expenditure | | 1824140.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | 605123.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1219017.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# BALANCE SHEET OF PERAVOOR GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | -10536098.22 |
| 311000000 | Earmarked Funds | B-2 | 6828.04 |
| 312000000 | Reserves | B-3 | 57647716.00 |
| | Total Reserve & Surplus | | 47118445.82 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 4014175.00 |
| | Total Grants,Contribution for specific purposes | | 4014175.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 483172.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1505965.00 |
| | Total Current Liabilities and Provisions | | 1989137.00 |
| | TOTAL LIABILITIES | | 53121757.82 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60141245.00 |
| 411000000 | Accumulated Depreciation | B-11 | -18741705.00 |
| 412000000 | Capital Work In Progress | B-11(a) | 0.0 |
| | Total Fixed Assets | | 41399540.00 |
| | Investments | | |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4835787.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank balance | B-17 | 6494478.82 |
| 460000000 | Loans, Advances and Deposits | B-18 | 391952.00 |
| | Total Current Assets,Loans and Advances | | 11722217.82 |
| | TOTAL ASSETS | | 53121757.82 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.